LIBRARY ARCHIVES Kerala Legislative Assembly

ഗുണ്ടാ ആക്റ്റ് ഫലപ്രദമായി നടപ്പിലാക്കുവാൻ നടപടി

8(213) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ഗുണ്ടാ ആക്റ്റ് കൂടുതൽ ഫലപ്രദമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിലെ ആക്റ്റിലെ ഏതൊക്കെ വ്യവസ്ഥകളാണ് ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നത് ;

(സി) നിയമവാഴ്ചയും സമാധാന ജീവിതവും ഉറപ്പുവരുത്തുന്നതിന് പ്രസ്തുത ആക്റ്റിനെ സമൂലമായി പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം കൂടുതൽ ഫലപ്രദമാക്കുന്നതിന് വേണ്ടി ടി നിയമത്തിന്റെ പരിധിയിൽ വരുന്ന വിവിധ കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്നവരുടെ പേരിൽ ടി നിയമത്തിലെ ഉചിതമായ വകുപ്പുകൾ അനുസരിച്ച് നടപടി സ്വീകരിക്കുന്നതിനും.കൂടാതെ ബഹു.കേരള ഹൈക്കോടതിയുടെയും. അഡ്വൈസറി ബോർഡിന്റെയും അതാതുകാലത്തെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്നവർക്കെതിരെ തുടർന്ന് കർശന നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് എല്ലാ പോലീസ് കമ്മീഷണർമാരും ജില്ലാ പോലീസ് സൂപ്രണ്ടുമാരും ആഴ്ചതോറും അവലോകന യോഗങ്ങളും നടത്തി വരുന്നു.

(ബി&സി) കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം, 2007-ലെ ചില വകുപ്പുകളിൽ ഭേദഗതി വരുത്തുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

ഗുണ്ടാനിയമപ്രകാരം കസ്റ്റഡിയിലെടുത്തവർ

9(214) ശ്രീ. എം. മുരളി :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗുണ്ടാനിയമം പ്രാബല്യത്തിൽ വന്നശേഷം ഇതുവരെ എത്ര പേരെ കരുതൽ തടങ്കലിൽ വച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത നിയമപ്രകാരം കസ്റ്റഡിയിൽ വയ്ക്കേണ്ടവരിൽ ഇനിയും എത്രപേരെ പിടികിട്ടാനുണ്ട് ;

(സി) അറസ്റ്റുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ പോലീസിന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചമൂലം ഇത്തരത്തിൽ കസ്റ്റഡിയിൽ എടുത്തവരിൽ എത്ര പേർ ജയിൽ മോചിതരായിട്ടുണ്ട് ?